**പതിനഞ്ചാം കേരള നിയമസഭ**
**മൂന്നാം സമ്മേളനം**
**ബഹു സ്പീക്കറുടെ റൂളിംഗ്**
**11-10-2021**

**(9) നിയമസഭാ ചട്ടലംഘനം**

2021 ഒക്ടോബർ 11-ാം തീയതി നിയമനിർമ്മാണകാര്യത്തിനു മുമ്പായി, 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യാ സർവ്വകലാശാല ബിൽ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 2021-ലെ 113-ാം നമ്പർ ഓർഡിനൻസ് 2021 ഒക്ടോബർ 4-ന് സഭയുടെ മേശപ്പുറത്തുവച്ചെങ്കിലും ചട്ടം 75(2) പ്രകാരം വയ്ക്കേണ്ട സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്തുവയ്ക്കാത്തത് നിയമസഭാ ചട്ടങ്ങളുടെ ലംഘനമാണെന്ന് ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

**ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി.**

**"ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് യഥാസമയം നിയമവകുപ്പിൽ നിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിരുന്നെങ്കിലും മേശപ്പുറത്ത് വയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി വിഭാഗത്തിൽ പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുന്നതിൽ സംഭവിച്ച പിഴവാണ് ഇത്തരമൊരു**

വീഴ്ചയിലേയ്ക്ക് നയിക്കപ്പെട്ടത്. സഭാ നടപടികളുമായി ബന്ധപ്പെട്ട് ഏറെ അവധാനതയോടെ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങളിൽ ഭാവിയിൽ വീഴ്ചകൾ ആവർത്തിക്കപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ താക്കീത് ചെയ്യുന്നു.”

*2021-ലെ 113-ാം നമ്പർ ഓർഡിനൻസുമായി ബന്ധപ്പെട്ട ചട്ടം 75(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് പ്രത്യേക ലിസ്റ്റ് മുഖേന ഇന്ന് സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട അംഗത്തിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.*